ജന്മഭൂമി

29 April 2017

# മീനുകളുടെ വില കുറഞ്ഞെന്ന് സിഎംഎഫ്ആർഐ

**കൊച്ചി:** സംസ്ഥാനത്ത് കഴിഞ്ഞവർഷം മീനുകളുടെ വിലകുറഞ്ഞെന്ന് സിഎംഎഫ് ആർഐയുടെ പഠനം. 40 ശതമാനം മത്സ്യം ഇതര സംസ്ഥാനങ്ങളിൽ നിന്നാണെത്തുന്നത്. ഇതാണ് മത്സ്യവില കുറയാൻ കാരണമെന്നും സംസ്ഥാനത്ത് ആഭ്യന്തര മത്സ്യ ലഭ്യതയും ആവശ്യക്കാരുടെ എണ്ണവും തമ്മിലുള്ള അന്തരം ദൈനംദിനം വർധിച്ചുവരികയാണെന്നും പഠനം വെളിപ്പെടുത്തുന്നു.

സിഎംഎഫ്ആർഐയിലെ സാമൂഹികസാമ്പത്തിക അവലോകന വിഭാഗത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ് സലീമും സംഘവുമാണ് മീനുകളുടെ വിപണനവും പുറം സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മത്സ്യങ്ങളുടെ കണക്കും സംബന്ധിച്ച് പഠനം നടത്തിയത്. 2016ൽ മുൻവർഷത്തെ അപേക്ഷിച്ച് 15 മുതൽ 20 ശതമാനം വരെ മത്സ്യവിലയിൽ കുറവുണ്ടായതെന്ന് പഠനത്തിൽ പറയുന്നു.

കേരളത്തിലെ പ്രധാനപ്പെട്ട 20 മൊത്തമത്സ്യ വ്യാപാര കേന്ദ്രങ്ങളിൽ നടത്തിയ പഠനത്തിൽ പ്രതിദിനം വിറ്റഴിക്കുന്നത് ശരാശരി 1000-1200 ടൺ മത്സ്യമാണ്. ഫെബ്രുവരിയിൽ ഒരു ദിവസം ശരാശരി 650 മുതൽ 700 ടൺ വരെ മത്സ്യം ഇതരസംസ്ഥാനങ്ങളിൽ നിന്നാണ് വന്നതെന്നും കണ്ടെത്തി. ഇതര സംസ്ഥാനങ്ങളിൽ നിന്ന് മത്സ്യം എത്തുന്നത് സമുദ്രമത്സ്യ മേഖലയിൽ സംസ്ഥാനം നേരിടുന്ന പ്രതിസന്ധിയാണ് സൂചിപ്പിക്കുന്നതെന്ന് ഡോ ശ്യാം പറഞ്ഞു.